**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയം ഭരണ വകുപ്പ് - ജൈവ മാലിന്യത്തിൽ നിന്ന് വൈദ്യുതിയും ജൈവ വളവും ഉല്പാദിപ്പിക്കുന്ന വിധത്തിൽ ഡിഡാസ്ക് ബയോ എനർജി പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന്റെ മേൽനോട്ടത്തിൽ, സുൽത്താൻ ബത്തേരി നഗരസഭയും ഡിഡാസ്ക് ബയോ എനർജി പ്രൈവറ്റ് ലിമിറ്റഡും തമ്മിൽ ഏർപ്പെട്ടിരിക്കുന്ന PPP കരാറിന്റെ അടിസ്ഥാനത്തിൽ, സംസ്ഥാനത്തെ ഒരു പൈലറ്റ് പ്രോജക്ട് ആയി പരിഗണിച്ച് ആധുനിക ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കുന്നതിന് സുൽത്താൻ ബത്തേരി നഗരസഭയ്ക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================

തദ്ദേശ സ്വയം ഭരണ (ഡി.സി) വകുപ്പ്

സ.ഉ.(സാധാ) നം.176/2017/തസ്വഭവ                    തിരുവനന്തപുരം, തീയതി 21.01.2017

---

പരാമർശം - 1. സുൽത്താൻ ബത്തേരി നഗരസഭാ ചെയർ പേഴ്സന്റെ 29.11.2016 ലെ കത്ത്
2. ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 20.12.2016 ലെ 2300/C2/16/SM നമ്പർ കത്ത്
3. സുൽത്താൻ ബത്തേരി നഗരസഭാ സെക്രട്ടറിയുടെ 18.01.2017 ലെ H 116/17 നമ്പർ കത്ത്

**ഉത്തരവ്**

1. സുൽത്താൻ ബത്തേരി നഗര സഭയിൽ ജൈവ മാലിന്യത്തിൽ നിന്ന് വൈദ്യുതിയും ജൈവ വളവും ഉല്പാദിപ്പിക്കുന്ന വിധത്തിൽ ആധുനിക ബയോ ഗ്യാസ് പ്ലാന്റ് സ്ഥാപിക്കുന്നതിന് ഡിഡാസ്ക് ബയോ എനർജി പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന് അനുമതി നൽകുന്നതിനും, നഗരസഭയുടെ നിലവിലുള്ള ട്രെഞ്ചിങ് ഗ്രൗണ്ടിനോട് ചേർന്ന് കമ്പനിയുടെ പൂർണ്ണമായ മേൽനോട്ടത്തിൽ, കമ്പനിയും നഗരസഭയും തമ്മിൽ ഏർപ്പെടുന്ന PPP കരാറിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പ്ലാന്റ് നിർമ്മിക്കുന്നതിനും 20.09.2016 ലെ നഗരസഭയുടെ മൂന്നാം നമ്പർ തീരുമാനപ്രകാരം നഗരസഭാ ഭരണ സമിതി തീരുമാനിച്ച സാഹചര്യത്തിൽ, പ്ലാന്റ് നിർമ്മാണവും പ്രവർത്തനവും സംബന്ധിച്ച് ഭരണ സമിതി അംഗീകരിച്ച നിബന്ധനകൾ പരിശോധിച്ച് പ്ലാന്റ് നിർമ്മാണത്തിന് സർക്കാർ അനുമതി നൽകണമെന്ന് സുൽത്താൻ ബത്തേരി നഗരസഭാ ചെയർപേഴ്സൺ പരാമർശം1 പ്രകാരം അപേക്ഷിച്ചിരുന്നു.

2. സർക്കാരിനോ നഗരസഭയ്ക്കോ യാതൊരു സാമ്പത്തിക ബാധ്യതയും ഇല്ലാതെ ഡിഡാസ്ക് ബയോ എനർജി പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനിയുടെ പൂർണ്ണമായ ഉത്തരവാദിത്തത്തിൽ പ്ലാന്റ് നിർമ്മിച്ച് പ്രവർത്തിപ്പിക്കുന്ന തരത്തിലും, പ്ലാന്റിന്റെ പ്രവർത്തന ഫലമായി വൈദ്യുതിയും ജൈവ വളവും ഉല്പാദിപ്പിച്ച് ആയവ വിപണനം ചെയ്യുന്ന തരത്തിലുമാണ് പദ്ധതി വിഭാവനം ചെയ്യുന്നത് എന്ന് നഗരസഭാ ചെയർപേഴ്സൺ അറിയിച്ചിട്ടുണ്ട്.

3. നഗരസഭ ചെയർപേഴ്സൺ സമർപ്പിച്ച, നഗരസഭയും ഡിഡാസ്ക് ബയോ എനർജി പ്രൈവറ്റ് ലിമിറ്റഡും തമ്മിൽ ഏർപ്പെടുന്ന PPP കരാറിലെ വ്യവസ്ഥകൾ സംബന്ധിച്ച് ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ പരാമർശം 2 പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

4. ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ നിർദേശങ്ങൾ ഉൾപ്പെടുത്തി സുൽത്താൻ ബത്തേരി നഗരസഭയും ഡിഡാസ്ക് ബയോ എനർജി പ്രൈവറ്റ് ലിമിറ്റഡും തമ്മിൽ ഏർപ്പെട്ടിരിക്കുന്ന PPP കരാർ സുൽത്താൻ ബത്തേരി നഗരസഭാ സെക്രട്ടറി പരാമർശം3 പ്രകാരം ലഭ്യമാക്കിയിട്ടുണ്ട്.

5. ആധുനിക ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കുന്നത് സംബന്ധിച്ച് സുൽത്താൻ ബത്തേരി നഗരസഭ സമർപ്പിച്ച അപേക്ഷ സർക്കാർ വിശദമായി പരിശോധിച്ചു.സുൽത്താൻ ബത്തേരി നഗരസഭയും ഡിഡാസ്ക് ബയോ എനർജി പ്രൈവറ്റ് ലിമിറ്റഡും തമ്മിൽ 2016 ഡിസംബർ 23ന് ഏർപ്പെട്ടിരിക്കുന്ന PPP കരാറിന്റെ അടിസ്ഥാനത്തിൽ, സംസ്ഥാനത്തെ ഒരു പൈലറ്റ് പദ്ധതിയായി പരിഗണിച്ച്, ആധുനിക ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കുന്നതിന് സുൽത്താൻ ബത്തേരി നഗരസഭയ്ക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

ടി.പി. വിജയകുമാർ

ഗ.വ. സ്പെഷ്യൽ സെക്രട്ടറി

നഗര കാര്യ ഡയറക്ടർ

സെക്രട്ടറി, സുൽത്താൻ ബത്തേരി നഗരസഭ

എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ

പ്രസിഡന്റ് & സി ഇ ഒ, ഡിഡാസ്ക് ബയോ എനർജി പ്രൈവറ്റ് ലിമിറ്റഡ്, സങ്കേതം.
വിവേകാനന്ദ നഗർ,എടപ്പഴഞ്ഞി,തിരുമല പി ഒ ,തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫൊർമേഷൻ കേരള മിഷൻ

ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ

കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ